പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3597 | 20/06/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**,, ജെയിംസ് മാത്യു**<br>**,, വി. അബ്ദുറഹിമാൻ**<br>**,, ആന്റണി ജോൺ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് - എല്ലാ ഗ്രാമപഞ്ചായത്തുകളിലും 100 ശതമാനം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.<br>• സേഫ് ആന്റ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ - സ്കൂൾ കുട്ടികളെ സുരക്ഷിതവും ആരോഗ്യദായകവുമായ ഭക്ഷണത്തെയും ഭക്ഷണരീതികളെയും കുറിച്ച് ബോധവാൻമാരാക്കുന്നതിനുള്ള പദ്ധതി.<br>• ക്വിക്ക് റെസ്പോൺസ് ടീം - പൊതുജനങ്ങളുടെ പരാതികൾക്ക് ഉടനടി പരിഹാരം കണ്ടെത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.<br>• 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ നടപ്പാക്കിയതു വഴി പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിച്ചു. |

✓

| | | | |
|---|---|---|---|
| | | | • പി.എസ്.സി വഴി 102 പുതിയ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. അവരുടെ നിയമനത്തോടു കൂടി ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്ന നടപടികൾ കാര്യക്ഷമമാക്കാൻ സാധിച്ചു.<br><br>• എല്ലാ ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും ടാബ്‌ലറ്റ് വിതരണം ചെയ്തതു വഴിയും ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. |
| ബി) | സർക്കാരിന്റെ ആസൂത്രിതവും വിദഗ്ധവുമായ മേൽനോട്ടത്തിന്റെ ഫലമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾക്കും എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ലഭിച്ചിട്ടുണ്ട്.<br>സർക്കാരിന്റെ ആസൂത്രിതവും വിദഗ്ധവുമായ മേൽനോട്ടത്തിന്റെ ഫലമായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾക്കും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിക്കുകയും എല്ലാ ലാബുകൾക്കും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യസംസ്ഥാനമായി കേരളം മാറുകയും ചെയ്തിട്ടുണ്ട്. തുടർന്നും പുതിയ പരാമീറ്ററുകൾ ഉൾപ്പെടുത്തി എൻ.എ.ബി.എൽ അക്രഡിറ്റേഷന്റെ നിലവാരം ഉയർത്തി മൂന്ന് ലാബുകളെയും ലോകോത്തര നിലവാരത്തിലേക്ക് എത്തിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) | 'സുരക്ഷിതാഹാരംആരോഗ്യത്തിനാധാരം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സ്കൂളുകളിൽ നടപ്പാക്കി വരുന്ന 'സേഫ് ആന്റ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ' പദ്ധതിയുടെ വിശദാംശം നൽകുമോ; | സി) | സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തെപ്പറ്റിയും ഭക്ഷണ രീതികളെപ്പറ്റിയും ബോധവാൻമാരാക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചതാണ് ഈ പദ്ധതി. ഓരോ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത സ്കൂളുകളിലെ കുട്ടികൾക്ക് സുരക്ഷിതവും സുരക്ഷിതമല്ലാത്തതുമായ ഭക്ഷണത്തെയും ഭക്ഷണ രീതിയെക്കുറിച്ചും ബോധവത്കരിക്കുന്നതിനുള്ള ക്ലാസ്സുകൾ, സെമിനാറുകൾ, |

| | | | |
|---|---|---|---|
| | | | ക്വിസ് പ്രോഗ്രാം തുടങ്ങിയവ സംഘടിപ്പിച്ചു. സ്കൂളിൽ ഫുഡ് സേഫ്റ്റി അംബാസഡർമാരെ തിരഞ്ഞെടുക്കുക, അവർക്ക് ബാഡ്ജ് നൽകുക, ആഴ്ചയിൽ ഒരു ദിവസം സ്കൂളുകളിൽ ഫുഡ് സേഫ്റ്റി അസംബ്ലി സംഘടിപ്പിക്കുക, ആഹാര പദാർത്ഥങ്ങളിൽ ചേർക്കുന്ന മായം കണ്ടുപിടിക്കുന്നതിനുവേണ്ടി സ്കൂളുകളിലും വീടുകളിലും ചെയ്യാവുന്ന പരിശോധന രീതികളെക്കുറിച്ച് ബോധവാൻമാരാക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷമായി ഏകദേശം 420 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ? | ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ